നെയ്യാർ കുഴിച്ചു മണൽ വാരുന്നതായി പരാതി

1307. [1776] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര നെയ്യാറിൽ തിരുപുറം മുതൽ പൂവാർ വരെ ആറു കുഴിച്ച് മണൽ കോരുന്നതു നിമിത്തം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അടുത്ത് രണ്ടു കൊല്ലത്തേക്കെങ്കിലും മണൽ കോരുന്നത് തടയുമോ ?

ഉത്തരം

(എ) നെയ്യാറിൽനിന്നും മണൽ വാരുന്നതുകൊണ്ട് നദിയുടെ കരകൾ ഇടിഞ്ഞുപോകുന്നതായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കരകൾ ഇടിഞ്ഞുപോകാത്ത രീതിയിൽ മണൽ കോരുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വഴുതയ്ക്കാട് ഡ്രെയിനേജ് റോഡിലെ പൊട്ടിയ സ്ലാബുകൾ മാറ്റിയിടാൻ നടപടി

1308. [1778] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വഴുതയ്ക്കാട് ഗണപതി കോവിലനടുത്തുള്ള ഡ്രെയിനേജ് റോഡിലെ സ്ലാബുകൾ പൊട്ടിയതുമൂലം രാത്രികാലങ്ങളിൽ അപകടം സംഭവിച്ചുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ലാബുകൾ മാറ്റിയിടാനായി നാട്ടുകാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പൊട്ടിയ സ്ലാബുകൾ മാറ്റിയിടാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) പൊട്ടിയ സ്ലാബുകൾ മാറ്റിയിടുന്ന ജോലിയുള്ള വർക്ക് ഓർഡർ 28-6-1985-ൽ കോൺട്രാക്ടർക്ക് കൊടുത്തിട്ടുണ്ട്. ടി ജോലി എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly